(2) <u>ബഡ്ജറ്റിനോടൊപ്പം രേഖകൾ സമർപ്പിക്കാത്തത് സംബന്ധിച്ച്</u>

2017 മാർച്ച് 6-ാം തീയതി ധനകാര്യത്തിന മുൻപ്, ഭരണഘടനയുടെ ആർട്ടിക്കിൾ 202 അനുസരിച്ചുള്ള വാർഷിക ധനവിവര പത്രികയും 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ (ഭേദഗതി) ബിൽ 3(8) പ്രകാരം ബോർഡിന്റെ ധനാഗമമാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും ടി ആക്ടിൽ വ്യവസ്ഥ ചെയ്തപ്രകാരം ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നുമുള്ള ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും സംസ്ഥാന വാർഷിക ബഡ്ജറ്റിനോടൊപ്പം സമർപ്പിച്ചിട്ടില്ലെന്നും ഇതിലൂടെ ആക്ടിന്റെയും ഭരണഘടനയുടെയും ലംഘനമാണ് നടത്തിയിരിക്കുന്നതെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് ഒരംഗവും കിഫ്ബിയുടെ ധനാഗമമാർഗ്ഗങ്ങളും വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും സംസ്ഥാന ബഡ്ജിറ്റിനോടൊപ്പം യഥാസമയം സഭയിൽ സമർപ്പിക്കാത്തത് കിഫ്ബി നിയമത്തിന്റെ ലംഘനമാണെന്നും

ഇക്കാര്യത്തിൽ റൂളിംഗ് നൽകണമെന്ന് പ്രതിപക്ഷ നേതാവും ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

സാമ്പത്തികവർഷം പൂർത്തിയായി ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് ലഭ്യമായാൽ മാത്രമേ ബോർഡിന്റെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച ആധികാരിക റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുകയുള്ളുവെന്നും ഇക്കാരണത്താലാണ് 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരണത്തോടൊപ്പം സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്താതിരുന്നതെന്നും 07-11-2016-ൽ കൂടിയ പുന:സംഘടിപ്പിക്കപ്പെട്ട കിഫ്ബി-യുടെ പ്രഥമ യോഗം Kerala Infrastructure Investment Fund (Amendment) Act, 2016-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ രൂപീകരിക്കാൻ തീരുമാനം കൈക്കൊണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ലെന്നും ടി കാരണങ്ങളാൽ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ വകുപ്പ് 3(8) പ്രകാരം സംസ്ഥാന ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ട രേഖകൾ ഏതാണെന്ന് വ്യക്തമായി പരാമർശിക്കപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിച്ചത് തൃപ്തികരമാണ്. 2016-ലെ ഭേദഗതി നിയന്ത്രണ നിയമത്തിലൂടെയാണ് ഈ പുതിയ വ്യവസ്ഥ നിലവിൽ വന്നത്. അതിനുശേഷമുള്ള ആദ്യ ബഡ്ജറ്റാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. അടുത്ത വർഷം മുതൽ ഈ രേഖകൾ സഭയിൽ സമർപ്പിക്കേണ്ടതാണെന്നും ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും ചെയർ റൂൾ ചെയ്യുന്നു."

---

*XIV KLA IV Session Vol.No.165 dated 06.03.2017.